(ബി) പത്തനംതിട്ട ജില്ലയിൽ പ്രക്കാനത്ത് ഒരു കോൺഗ്രസ് പ്രവർത്തകരെ ആക്രമിച്ചതു സംബന്ധിച്ച് പത്തനംതിട്ട ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നടന്നുവന്ന കേസ് പിൻവലിക്കാനുള്ള അനുമതിക്ക് ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നുവോ;

(സി) ഈ ആവശ്യം അംഗീകരിക്കാത്ത പക്ഷം ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്നുകേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി)&(സി) കേസ് നംപർ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ വിവരങ്ങൾ നൽകാൻ നിവൃത്തിയില്ല.

പൊതുവിതരണ ത്വരിത സെൽ

107 (848) ശ്രീ. പി. രാജു :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിതരണ ത്വരിത സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തലങ്ങളിലാണ് ഈ സെൽ രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സെല്ലിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും, താലൂക്ക് തലത്തിലും പൊതു വിതരണ ത്വരിത സെൽ രൂപീകരിച്ചിട്ടുണ്ട്.

(സി) പൊതു ജനങ്ങളിൽ നിന്നും അപേക്ഷയായോ, ഫോൺ മുഖേനയോ സെല്ലിൽ ലഭിക്കുന്ന പരാതികളിൽമേൽ സമയബന്ധിതമായി അന്വേഷണം നടത്തി പരിഹാരം കാണുന്നുണ്ട്. പരാതിക്കാരെ വിവരം അറിയിക്കുകയും ചെയ്യുന്നുണ്ട്.

ചാല റേഷൻ മൊത്തവ്യാപാര കേന്ദ്രത്തിലെ കൃത്രിമഅളവ്

108(849) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, ചാല റേഷൻ മൊത്തവ്യാപാര ഡിപ്പോയിൽ നിന്നും റീട്ടെയിൽ റേഷൻ വ്യാപാരികൾക്ക് വിതരണം നടത്തുന്ന റേഷൻ സാധനങ്ങളുടെ അളവിൽ വൻ കൃത്രിമം നടത്തി അളവു കുറച്ച് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly